"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- തൃശ്ശൂർ കോർപ്പറേഷനിൽ സൂപ്രണ്ട് (HG) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ആർ. ഗോപാലകൃഷ്ണന്റെ സസ്പെൻഷൻ കാലയളവ് ക്രമവൽകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2950/2025/LSGD തീയതി,തിരുവനന്തപുരം, 12-12-2025

---

പരാമർശം:-

1. ശ്രീ. ആർ. ഗോപാലകൃഷ്ണൻ സമർപ്പിച്ച 15.07.2023 തീയതിയിലെ അപേക്ഷ.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.08.2024തീയതിയിലെ LSGD/PD/69240/2023-VIGC5 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ നഗരസഭയിൽ, വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ 07/07/2003-ൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ ടൗൺ പ്ലാനിംഗ് സെക്ഷനിലെ യു.ഡി.ക്ലാർക്ക് ആയിരുന്ന ശ്രീ.ഗോപാലകൃഷ്ണനെതിരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതിനെത്തുടർന്ന് 14.10.2003 ലെ ഉത്തരവ് പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും തുടർന്ന് 15.05.2004ലെ ഉത്തരവ് പ്രകാരം ടിയാനെ സർവീസിൽ പുന:പ്രവേശിപ്പിച്ചിച്ച് കോഴിക്കോട് നഗരസഭയിൽ ജോലിയിൽ പ്രവേശിപ്പിക്കുകയുണ്ടായതായും, ടിയാനെതിരായി ഇക്കാര്യത്തിൽ ആരംഭിച്ച അച്ചടക്കനടപടി 26.05.2012ലെ ഉത്തരവ് പ്രകാരം Censure (താക്കീത്) നൽകിക്കൊണ്ട് തീർപ്പാക്കുകയുണ്ടായതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ ടിയാന്റെ പരാമർശം 1 അപേക്ഷ പരിഗണിച്ച് 14/10/2003-മുതൽ 15/05/2004 വരെയുള്ള സസ്പെൻഷൻ കാലം ക്രമീകരിക്കുന്നതിൽ തുടർനടപടികൾക്കായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 കത്ത് അപേക്ഷയും അനുബന്ധരേഖകളും സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ കോർപ്പറേഷനിൽ സൂപ്രണ്ട് (HG) തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ആർ. ഗോപാലകൃഷ്ണന്റെ 14/10/2003-മുതൽ 15/05/2004 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി പരിഗണിച്ചുകൊണ്ടും , 15.05.2004 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSR Part I Rule 56B(9)Note 2 പ്രകാരം പ്രവേശനകാലമായോ അർഹവും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ആയും ക്രമീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ, സൂപ്രണ്ട് (HG), തൃശ്ശൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 12-12-2025 14:14:57

സെക്ഷൻ ഓഫീസർ